# ശബ്ദമാണിവിടെ ശക്തി ...?

മണ്ണിക്കരോട്ട്

നാട്ടിൽ സന്ദർശനത്തിനെത്തുന്ന വിദേശികൾക്കും, അവധിക്കെത്തുന്ന പ്രവാസികൾക്കും (പ്ര ത്യേകിച്ച് അമേരിക്കയിലെ മലയാളികൾ) പരാതിപ്പെടാൻപോലും കഴിയാതെ അനുഭവിക്കേണ്ടിവരുന്ന ഒരു ദുരന്തമാണ് ശബ്ദപീഡനം. ശബ്ദപീഡനമോ? അതെന്ത് പീഡനമെന്ന് നാട്ടുകാർ ചോദിച്ചേക്കാം. എന്നാൽ അതാണ് സത്യം. അല്പം ശാന്തിയും സമാധാനവും കാംക്ഷിക്കുന്നവരെ, സമാധാത്തോടെ ചില ദിവസങ്ങൾ കഴിയാനാഗ്രഹിക്കുന്നവരെ; ശബ്ദമാകുന്ന കൂരമ്പുകൾകൊണ്ട് മസ്തിഷ്ക്കം പൊളിക്കുമാറ് സദാസമയവും പീഡിപ്പിച്ചുകൊണ്ടിരിക്കുന്നത്. ശബ്ദപീഡനം.

യാന്ത്രിക ജീവിതത്തിൽനിന്ന് അല്പം ശാന്തിയും സമാധനവും തേടിയാണ് വിദേശ മലയാളി കൾ നാട്ടിലെത്തുന്നത്. അമേരിക്കയിലെ മലയാളികളെ സംബന്ധിച്ചിടത്തോളം താരതമ്യേന വളരെ കുറച്ചു ദിവസം മാത്രമേ അവധി ലഭിക്കുകയുള്ളു. മാത്രമല്ല ഭാരിച്ച യാത്രച്ചിലവും നീണ്ട യാത്രാക്ലേശങ്ങളും സഹിക്കണം. അങ്ങനെയൊക്കെ നാട്ടിലെത്തിയാലോ? ബന്ധക്കാരുടേയും സ്വന്തക്കാരുടേയും ചിരിക്കുന്ന മുഖത്തിനുള്ളിൽ പതിയിരിക്കുന്ന 'പിടുങ്ങൽ പീഡനങ്ങളും' പിന്നെ സുഹൃദ്വലയം, സമുദായം, സമൂഹം, രാഷ്ട്രീയക്കാർ അങ്ങനെ പിരിവ് പീഡനങ്ങളുടെ പരമ്പര നീളുന്നു. അതിനുശേഷമാണ് ഈ ശബ്ദപീഡ നവും.

നാട്ടിൽ മിക്കവരും വായ് തുറക്കുന്നതുതന്നെ, ശബ്ദമാണ് തങ്ങളുടെ ശക്തി സ്രോതസ് എന്ന മട്ടിലാണ്. ഒരു ശബ്ദമത്സരം നടക്കുന്ന രീതിയിലാണ് സംസാരം. തർക്കവിഷയമാണെങ്കിൽ പറയാനുമി ല്ല. ശബ്ദംകൊണ്ടുള്ള അടിച്ചമർത്തലായിരിക്കും ആദ്യഭാഗം. അതിൽ തെറിയും ഭീഷണിയും എല്ലാം ഉൾപ്പെടും. അതിനൊത്ത ഭാവപ്പകർച്ചയും ഗോഷ്ടികളും കൈമുദ്രകളുമൊക്കെക്കൂടിയാകുമ്പോൾ രംഗം കൊഴുക്കും. പിന്നെ സംഗതി മറ്റ് തലങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തുകൂടെന്നില്ല.

നഗരത്തിന്റെ ഏതു ഭാഗത്തും, പ്രത്യേകിച്ച് ബസ് സ്റ്റാൻഡുകൾക്ക് ചുറ്റുമുള്ള കടകളിൽ എപ്പോഴും പാട്ടെന്ന പേരിൽ കാതുതുളയ്ക്കുന്ന ശബ്ദപ്രവാഹമാണ്. ഓരോരുത്തരും തങ്ങളുടെ ഉപകരണത്തിന്റെ ശബ്ദമാണ് ഏറ്റവും ഉയർന്നത് എന്ന മട്ടിലാണ് വെച്ചുകീറുന്നത്. മലവെള്ളപ്പാച്ചിൽപോലെ പലയിടത്തു നിന്നും പലവിധത്തിലുള്ള പാട്ടുകൾ ഒന്നായി കാതിലെത്തുമ്പോൾ അലർച്ചകൊണ്ട് കാത് തരിയ്ക്കുന്ന തല്ലാതെ സംഗീതം എന്തെന്നറിയുന്നില്ല. ചന്തസ്ഥലങ്ങളിലെ ശബ്ദപീഡനം പറയേണ്ടതില്ലെല്ലോ. അതുപോലെതന്നെ റെയിൽവെ സ്റ്റേഷനുകളും.

ബസ് യാത്രയടു കാര്യം ആലോചിക്കുക. കൊലയാളിയെപ്പോലെ അന്തരീക്ഷം വിറപ്പിച്ച്, പൊടി പടലവും മാലിന്യാവശിഷ്ടങ്ങളും അന്തരീക്ഷത്തിൽ വാരിവിതറി, ഹോൺ എന്ന പേരിൽ പോർവിളി മുഴക്കി ഇരമ്പിയോടുന്ന ഭീമൻ ബസുകൾ. പരിസരം ഇളക്കി മറിക്കുമെന്ന രീതിയിലാണ് ബസുകൾ പാഞ്ഞടുക്കുന്നത്. അതിന്റെ അടുത്തെങ്ങാനുമാണെങ്കിൽ മരണം മണക്കുന്ന പ്രതീതി. അതിൽ ജനങ്ങൾ കയറിക്കൂടുന്നതും ഏതാണ്ട് മരണപ്പാച്ചിൽപോലെയാണ്. അപ്പോൾ അവർക്ക് ശബ്ദം പ്രശ്നമല്ലാതാകുന്നു. എന്നാൽ വിദേശിയർക്ക് അങ്ങനെയല്ലെല്ലോ?

തിരഞ്ഞെടുപ്പുകാലമാണെങ്കിൽ നാടും നഗരവും എല്ലായിപ്പോഴും ശബ്ദമുഖരിതമാണ്. മൈക്കിലൂടെ കാതടയ്ക്കുന്ന, ദിഗന്തങ്ങൾ നടുക്കുന്ന ഒച്ചയും അലർച്ചയുമെ കേൾക്കാനുള്ളു. മുദ്രാ വാക്യം എന്ന പേരിൽ മുദ്രയില്ലാത്ത മുറിയൻ വാക്യങ്ങൾ തോക്കിൽനിന്നു പായുന്ന ഷെല്ലു കൾപോലെയാണ് മറ്റുള്ളവരുടെ കാതിൽ ചെന്നുതറയ്ക്കുന്നത്. അതിന്റെകൂടെയാണ് ജാഥയും സമരവും (ഏതായാലും അതില്ലാത്ത ദിവസമില്ലെല്ലോ). ഒന്ന് ഊതിയാൽ നിലംപതിയ്ക്കുമൊ എന്നു തേന്നി യ്ക്കുന്ന ഇത്തിരിയില്ലാത്ത കെല്ലാരികൾ ഒരു കയ്യിൽ ഏതോ പതാകയും മറുകൈ അന്തരീക്ഷത്തി ലേക്കും വലിച്ചെറിഞ്ഞ് വായ്തുറക്കുമ്പോൾ ഉച്ചഭാഷിണിയെ വല്ലുന്ന ഗർജ്ജനമാണ് പുറത്തുവരുന്നത്. ഈ കൂലിവിളിക്കാരുടെ ശബ്ദത്തിനൊത്താണ് അവരുടെ ശംബളമെന്നുതോന്നും.

റോഡിന്റെ ഒരു ഭാഗത്തുനിന്ന് ഏതോ മുറവിളിയുടെ അലകൾ ഉച്ചഭാഷിണിയിലൂടെ ഉയർന്നു വരുന്നു. അത് കൂടുതൽ കൂടുതൽ ശക്തമായി പ്രവഹിക്കുകയാണ്. മൂന്നുനാല് വാഹനങ്ങളുടെ ഒരു നിര നീങ്ങിക്കൊണ്ടിരിക്കുന്നു. അതിലൊന്നിൽനിന്നാണ് തെരുവിനെ ഇളക്കിമറിയ്ക്കാൻ കഴിയുന്ന ഈ സഞ്ച രിക്കുന്ന ശബ്ദപ്രവാഹം. അത് ഒരു രാഷ്ട്രീയ പാർട്ടി നയിക്കുന്ന യാത്രയുടെ മുന്നറിയിപ്പാണ്. ആ വാഹനനിര അടുത്തുള്ള കവലയുടെ ഒരു ഭാഗത്തു നിർത്തി. പിന്നെ കുറെനേരം പ്രസംഗമെന്ന അധിക

പ്രസംഗം തീപ്പൊരിപോലെ അന്തരീക്ഷത്തിൽ അലതല്ലി.

അതിനിടയിൽ ഒരേ നിറത്തിൽ വസ്ത്രം ധരിച്ച് അരപ്പട്ടകെട്ടിയ കുറെ ചെറുപ്പക്കാർ ആ വാഹനങ്ങളിൽനിന്ന് പുറത്തിറങ്ങി. അവരുടെ ഇടതു കയ്യിൽ നിറംപിടിപ്പിച്ച ബക്കറ്റ്; വലതുകയ്യിൽ കുറുവടിപോലെ ഏതോ ഒരു സാധനം. അവർ ബക്കറ്റുമായി പിരിവു തുടങ്ങി. കൊടുക്കാൻ മടിയ്ക്കുന്നവരെ കിടിലം കൊള്ളിയ്ക്കുന്ന നോട്ടവും ഭാവവും. ഇടയ്ക്കിടയ്ക്ക് വലതുകയ്യിലെ കുറുവടിസാധനം ഇളകുന്നുമുണ്ട്. ഈ സമയം ആ ഭാഗത്തെ ഗതാഗതം പൂർണ്ണമായും സ്തംഭിച്ചു. കാറുകളും ബസ്സുകളും അങ്ങനെ എല്ലാവിധ വാഹനങ്ങളും നിശ്ചലം. ജനജീവിതം വഴിമുട്ടുന്നു. വാക്ധോരണിയും തൊട്ടിപ്പിരിവും നിർബാധം തുടരുന്നു. (ഇപ്പോൾ തെരുവോര യോഗങ്ങൾ, കോടതി നിയമം മൂലം നിർത്തലാക്കിയത് സാധാരണ ജനങ്ങൾക്ക് വളരെ ആസ്വാസമായി.)

തെരുവിൽ ശരീരമാസകലം സാധനങ്ങൾ തൂക്കിയിട്ട് വായിൽ ഒരു കുറിയ കുഴലും കടത്തി വിസിലടിച്ച് വിലസുന്ന സഞ്ചാരവിൽപ്പനക്കാർ. അവരുടെ പക്കലുള്ള സാധനങ്ങൾ എന്തൊക്കെയെന്നും അതിന്റെ വിലയും ശ്വാസമെടുക്കാതെ, കുത്തും കോമയുമില്ലാതെ വിളിച്ചു പറയുന്നതു കേൾക്കാം. റോഡുവക്കിലെങ്ങും അലറിവിളിച്ച് ആളുകളെ ആകർഷിക്കുന്ന പെട്ടിക്കടക്കൂട്ടർ. റോഡിന്റെ പല ഭാഗത്തും ചെറിയ ചെറിയ കൂട്ടങ്ങൾ. അവിടെ അലറി വിളിച്ചുകൊണ്ട് ചില്ലറ വില്പനക്കാർ.

ഒരിടത്ത് ആളുകൾ തടിച്ചുകൂടി നിൽക്കുന്നു. അതിന്റെ നടുവിൽ ഏതോ ഒരു മറുനാടൻ തുണി വിരിച്ചിരിക്കുന്നു. തുണിപ്പുറത്ത് ഏതോ മായാലോകത്തേതെന്നു തോന്നിയ്ക്കുന്ന എന്തൊക്കെയൊ സാധനങ്ങൾ നിരത്തിയിട്ടുണ്ട്. അതിനോടു ചേർന്ന് മായാവിയെപ്പോലെ കഥാനായകൻ നീണ്ട് നിവർന്നു നിൽക്കുന്നു. അയാൾ ഒരു കഥാപ്രസംഗകനെപ്പോലെ എന്തൊക്കയൊ പാടുന്നു പറയുന്നു ഗോഷ്ടികൾ കാട്ടുന്നു. ഇതൊന്നും കാര്യമാക്കാതെ ഉച്ചഭാഷിണിയിലൂടെയും അല്ലാതെയും ഉച്ചത്തിൽ വിളിച്ചുപറഞ്ഞ് കയ്യിലും മെയ്യിലും ഇരുചക്രശകടത്തിലും ടിക്കറ്റുകളുമയി നീങ്ങുന്ന ലോട്ടറി വിൽപനക്കാർ വേറെ.

ഇനിയും അൽപം വിശ്രമംതേടി കേരളത്തിലെ പ്രസിദ്ധമായ ഗ്രാമീണതയുടെ ശാലീനതയിലേക്കു കടന്നുചെന്നാലോ? മാറ്റമില്ല, പീഡനമുറ മറ്റു വിധത്തിലും തരത്തിലുമാണെന്നു മാത്രം. ബന്ധുമിത്രാദികളുമായുള്ള സൗഹൃദത്തിനുശേഷം പാതിരാ കഴിയും കിടക്കയിലെത്താൻ. ഗ്രാമാന്തരീക്ഷമായതിനാൽ ഇനിയും സമാധാനത്തോടെ ഉറങ്ങാമെന്ന ആശ്വാസമുണ്ട്. ദൈവത്തിനു സ്തുതി! എന്നാൽ വെളുപ്പാൻ കാലത്തെ നല്ല ഉറക്ക സമയത്തായിരിക്കും അവിടുത്തെ ശബ്ദപീഡനമുറയുടെ ചുരുളഴിയുന്നത്. അപ്പോഴാണ് പറുദീസായിലെ ചെകുത്താനെപ്പോലെ ഉച്ചഭാഷിണിയിൽ ഉയരുന്ന ശബ്ദപ്രവാഹം ഏതോ അപശബ്ദംപോലെ കാതിലെത്തുന്നത്.

അടുത്തുള്ള ദേവാലയങ്ങളിൽനിന്നുയരുന്ന ആരാധനാശീലുകളാണ് ഇവിടെ ഉറക്കവില്ലൻ. അതിന് ജാതിമത വ്യത്യാസമില്ല. രാവിലെ നാലുമണിയ്ക്കും അഞ്ചുമണിയ്ക്കും ആരംഭിക്കും. പ്രാർത്ഥന, പ്രാർത്ഥനക്കാർക്കും ദൈവത്തിനും കേൾക്കേണ്ടതിനല്ലേ വേണ്ടത്. അതിനു പകരം കൊച്ചുവെളുപ്പാൻ കാലത്ത് ഗ്രാമവാസികളെ എന്തിന് ഉപദ്രവിക്കുന്നു? അതും നാട്ടിലെ കോളാമ്പിപോലുള്ള ഉച്ചഭാഷിണിയ്ക്ക് നാടിനെ നടുക്കാനുള്ള ശക്തിയുണ്ട്. അതിന്റെ ശബ്ദം പരമാവധി കൂട്ടിവച്ചാണ് പീഡനം. ഇത്രയ്ക്കും ഉച്ചത്തിൽ വിളിച്ചെങ്കിലെ ദൈവം കേൾക്കുകയുള്ളോ? അതോ ഈ ശബ്ദം നേരെ സ്വർഗ്ഗത്തിൽ ചെന്നെത്തുമെന്ന് ഇക്കൂട്ടർക്ക് ധാരണയുണ്ടോ? ഇത് പരപീഡനമല്ലേ?

ഗ്രാമത്തിലെ ഒരു പള്ളിപ്പെരുന്നാൾ സമയത്ത് ഞാനും അവിടെ ഉണ്ടായിരുന്നു. വർഷങ്ങൾക്കു ശേഷം ആദ്യമായിട്ടാണ് നാട്ടിൽ അങ്ങനെ ഒരു പരിപാടിയ്ക്ക് സാക്ഷിയാകുന്നത്. പെരുനാളിന്റെ ചുമതലക്കാരൻ പറയുന്നതു കേട്ടു; "... ഇപ്രാവശ്യം ഞങ്ങൾ കലക്കും. മൈക്കിലൂടെ കേൾക്കുന്നില്ലേ? ഒരു ദിക്കിന് രണ്ടുവച്ച് ആകെ എട്ട് കോളാമ്പിയാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഞങ്ങൾ അത്ര മോശക്കാരല്ലെന്ന് നാട്ടുകാരറിയണം. മറ്റവരുടെ പെരുനാളിന് ആറ് കോളാമ്പിയെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടാ ഞങ്ങൾ എട്ടാക്കിയത്. അവർ ഞങ്ങളെപ്പറ്റി എന്താ മനസ്സിലാക്കിയിരിക്കുന്നത്?" വളരെ ആവേശത്തോടുകൂടിയാണ് അദ്ദേഹം സംസാരിക്കുന്നത്. അൻപതൊ അറുപതൊ സാധാരണ വീട്ടുകാരുള്ള ഒരു ചെറിയ പള്ളിയിലാണ് ഈ ശക്തി പ്രകടനമെന്നോർക്കണം. ദൈവത്തെ കേൾപ്പിക്കാനാണോ ഈ ശബ്ദപീഡനം?

മലയാളികൾ മറുനാട്ടിൽ ചെന്നാലും ഇതുതന്നെ അനുഭവം. മറുനാട്ടിൽ പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും പ്രത്യേകിച്ച് പാശ്ചാത്യ സംസ്ക്കാരവുമായി ലയിച്ചു കഴിഞ്ഞിട്ടും മറ്റെല്ലാംപോലെ ശബ്ദപ്രവാഹത്തിന് മാറ്റമുണ്ടാകുന്നില്ല. മലയാളികൾ കൂടുമ്പോൾ മാത്രമാണ് ഈ പ്രതിഭാസത്തിന്റെ വിളയാട്ടമെന്നുള്ളതാണ്. മറുനാട്ടുകാരെ കാണുമ്പോൾ വായിൽ നാക്കുണ്ടോയെന്ന് സംശയം ധ്വനിപ്പിക്കുന്ന മലയാളികൾ തമ്മിൽ കൂടുമ്പോഴറിയാം അതിന്റെ നീളം. അസ്സോസിയേഷന്റെ മീറ്റിംഗുകൾ, ദേവാലയ

പൊതുയോഗങ്ങൾ മുതലയാവ കൂടണം മിണ്ടാപ്പൂച്ചയുടെ ഉശിരു കാണാൻ. അവിടെ കേരളസംസ്ക്കാരം സടകുടഞ്ഞെഴുന്നേൽക്കുമെന്നുള്ളതിന് സംശയമില്ല.

അമേരിക്കയിൽ എവിടെ പരിപാടി നടന്നാലും ഹാളിൽ കൂടുന്നവർക്ക് കേൾക്കാൻ മാത്രമാണ് സൗണ്ട് സിസ്റ്റം തയ്യാറാക്കുന്നത്. ഹാളിനു പുറത്ത് സാധാരണ ശബ്ദത്തിലധികമാകുന്നത് നിയമ വിരുദ്ധമാണ്. പൊതുസ്ഥലങ്ങളിൽ, റോഡുപണിക്കാരിൽപോലും ഉയർന്ന സ്വരത്തിൽ ഒന്നും കേൾക്കുകയില്ല. അവർ അവരവരുടെ ജോലിയിൽ വ്യാപൃതരായിരിക്കും. ആര് ആരോടു സംസാരിക്കു ന്നുവോ അത് അവർ മാത്രം കേൾക്കത്തക്കവിധത്തിലായിരിക്കും. പൊതുനിരത്തുകളിൽ മാലപോലെ അണിയണിയായി കാറുകൾ നീങ്ങുമ്പോഴും ഹോൺ ശബ്ദം കേൾക്കുകയില്ല. അഥവാ വളരെ ചുരുക്കമായി അങ്ങനെ കേട്ടാൽ അത് നിയമം തെറ്റിക്കുന്നവരെ അസഭ്യം പറയുന്നതിന് തുല്യമാണ്. അവിടെ നിയമമാണ് നിയന്ത്രിക്കുന്നത്, അല്ലാതെ ശബ്ദമല്ല.

റെസ്റ്റൊറന്റുകളിലും ജോലിസ്ഥലത്തുള്ള കാന്റീനിലുമെല്ലാം ആളുകൾ ഭക്ഷണത്തിനുകൂടും. പക്ഷേ ശബ്ദകോലാഹലങ്ങളില്ല. ഭക്ഷണം കഴിക്കുന്നത് തമാശപറഞ്ഞും വളരെ ആനന്ദത്തോടും കൂടിയായിരിക്കും. അവരുടെ സംസാരവും ചിരിയുമെല്ലാം അവരുടെ മേശയുടെ ചുറ്റളവിൽ ഒതുങ്ങി നിൽക്കും. സെന്ററുകളിലുമൊക്കെ കാതിന് കുളിർമ്മ നൽകുന്ന മൃദുലമായ സംഗീതമായിരിക്കും കേൾക്കുന്നത്. പ്രശ്നങ്ങൾ നിയമാനുസാരം കൈകാര്യം ചെയ്യുന്നതല്ലാതെ വലയ ശബ്ദമോ ഭീഷണിയോകൊണ്ടല്ല തീർപ്പുണ്ടാക്കുന്നത്. ഓരോ കാര്യത്തിനും നിയമങ്ങളും ചട്ടങ്ങളുമുണ്ട്. അതനുസരിച്ചായിരിക്കും നടപടികൾ.

നാട്ടിൽ സുലഭമായിട്ടുള്ള മാലിന്യങ്ങൾപോലെയാണ് അമിത ശബ്ദവും. മാലിന്യങ്ങൾ സാംക്രമികരോഗങ്ങൾ പരത്തുമ്പോൾ അമിതശബ്ദം ശാന്തിയും സമാധാനവും കെടുത്തുന്നു. അത് ശബ്ദപീഡനമാണ്. വിനോദസഞ്ചാരികളും അവധിക്കും അതിഥികളായും എത്തുന്നവർ ഇതൊക്കെ നിശബ്ദം സഹിക്കുന്നുവെന്നു മാത്രം. ഒരു നല്ലശതമാനം സ്വദേശികൾക്കുപോലും ഇത്തരം അലർച്ച അസഹനീയമായിട്ടാണ് അനുഭവപ്പെടുന്നത്.

ചുരുക്കത്തിൽ, ശബ്ദം ഒരിക്കലും ശക്തിപ്രകടനത്തിനുള്ള ആയുധമാകരുത്. മാലിന്യനിവാരണംപോലെ ശബ്ദത്തിനും നിയന്ത്രണം വേണം.